# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6000** — **19/11/2019-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുവാൻ റിസർവ്വ് ബാങ്കിന്റെ അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ള സഹകരണ നിയമ ഭേദഗതി 14 A സംബന്ധിച്ച കേസുകളുടെ തീർപ്പിന് വിധേയമായി 2020 മാർച്ച് 31-നകം കേരള ബാങ്ക് രൂപീകരിക്കുവാനാണ് റിസർവ്വ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത ബാങ്ക് രൂപീകരിക്കുവാനുള്ള എല്ലാ മുന്നൊരുക്കങ്ങളും സ്വീകരിച്ച് വരുന്നു.. |
| (ബി) | കേരള ബാങ്ക് രൂപീകരണത്തിലൂടെ എന്ത് ഘടനാപരമായ മാറ്റമാണ് ഉണ്ടാകുന്നത് എന്ന് അറിയിക്കുമോ; | (ബി) | സഹകരണ വായ്പാ മേഖലയിലെ നിലവിലുള്ള ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് ഘടനാപരമായ മാറ്റം കേരള ബാങ്ക് രൂപീകരണത്തിലൂടെ സാധ്യമാകുന്നതാണ്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും അർബൻ ബാങ്കുകളും കേരള ബാങ്കിന്റെ അംഗസംഘങ്ങളായി മാറുന്നു. സംസ്ഥാനത്തെ ഹ്രസ്വകാല സഹകരണ വായ്പാരംഗം ഇതിലൂടെ പൂർണ്ണമായും പുനസംഘടിക്കപ്പെടും. |

| | | | |
|---|---|---|---|
| (സി) | കേരള ബാങ്ക് രൂപീകരണത്തിലൂടെ എന്താണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കേരളത്തിന് സ്വന്തമായി ഒരു ബാങ്ക് കേരള ബാങ്കിലൂടെ യാഥാർത്ഥ്യമാകും. നിലവിൽ പൊതുമേഖല ബാങ്കുകളും പുതുതലമുറ ബാങ്കുകളും നൽകുന്ന എല്ലാ വിധ ആധുനിക സേവനങ്ങളും പൊതുജനങ്ങൾക്ക് ഉപകാര പ്രദമായ രീതിയിൽ ഒളിഞ്ഞിരിക്കുന്ന ചെലവുകളില്ലാതെ നൽകുക എന്നത് കേരള ബാങ്കിന്റെ ലക്ഷ്യമാണ്. കുറഞ്ഞ പലിശ നിരക്കിൽ കാർഷിക കാർഷികേതര മേഖലകളിൽ കൂടുതൽ വായ്പാ ലഭ്യത ഉറപ്പാക്കുകയെന്നതും കേരള ബാങ്കിന്റെ രൂപീകരണ ലക്ഷ്യങ്ങളിലൊന്നാണ്. |

സെക്ഷൻ ഓഫീസർ.